# തലമുറകളുടെ പുണ്യം ചാലിച്ച വിരലുകൾ

സുനി

മൃദംഗവിദ്വാൻ ഗുരു ടി.എൻ.നന്ദകുമാർ

അമ്മാവന്മാരുടെ നാദസ്വരമാധുരിയിൽ ലയിച്ചിരുന്ന ആ ഏഴുവയസുകാരന്റെ കുഞ്ഞുവിരലുകൾ തുടയിൽ താളമിട്ടു. മനസിലെ താളബോധം മൃദംഗത്തിൽ വാദ്യമായി... ലയമായി... താളമായി... പിന്നീട്.

മൃദംഗവിദ്വാൻ ഗുരു ടി.എസ്. നന്ദകുമാറിനു സംഗീതം തലമുറകളുടെ പുണ്യം. അമ്മാവന്മാരിൽനിന്ന്... മാതാവിൽനിന്ന്... പകർന്നുകിട്ടിയ വരദാനം. നാദസ്വരക്കച്ചേരികളിൽ ഇതിഹാസമായിരുന്ന അമ്പലപ്പുഴ സഹോദരന്മാരാണു നന്ദകുമാറിന്റെ അമ്മാവന്മാർ.

അമ്മാവന്മാരുടെ പാത പിന്തുടർന്നു സംഗീതത്തെ പൂജിച്ച നന്ദകുമാറിനു തെറ്റിയില്ല. മൃദംഗവാദ്യത്തിൽ നാദവിസ്മയങ്ങൾ വിരചിച്ച് അദ്ദേഹം തന്റെ പൂജയെ സാർഥകമാക്കി.

കൈതവന മാധവദാസായിരുന്നു നന്ദകുമാറിന്റെ ഗുരു. ഗുരുവാണു തന്റെ ചൈതന്യവും ശക്തിയുമെന്നു നന്ദകുമാർ.

മുംബൈയിൽ ഷൺമുഖാനന്ദ ഫൈൻ ആർട്സ് ആൻഡ് സംഗീതസഭയിൽ മൃദംഗം പ്രഫസാറാണിപ്പോൾ നന്ദകുമാർ. മുംബൈ, ചെന്നൈ നഗരങ്ങളിലടക്കം ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലുമായി അനേകം കച്ചേരികൾ ഇതിനോടകം അവതരിപ്പിച്ചു. 23 വർഷത്തോളം ഷൺമുഖാനന്ദ ഫൈൻ ആർട്സ് ആൻഡ് സംഗീതസഭയിൽ അധ്യാപകനായിരുന്നതിനു പുറമേ മറ്റുപല സ്ഥാപനങ്ങളിലും മൃദംഗകലയുടെ ആദ്യപാഠങ്ങളുപദേശിക്കാൻ അദ്ദേഹം സമയംകണ്ടെത്തി. മ്യൂസിക് ട്രയാംഗിൾ, ഗാനകലാ വിദ്യാനിലയം, നാദലയ തുടങ്ങിയവ അവയിൽ ചിലതുമാത്രം.

കച്ചേരികൾക്കു പുറമേ ഓൾ ഇന്ത്യാ റേഡിയോയിലും ദൂരദർശനിലും പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ഏതു രംഗത്തെയും മികച്ച കലാകാരന്മാർ അണിനിരന്ന ദേശീയോദ്ഗ്രഥന പരിപാടികളിലും അദ്ദേഹത്തിന്റെ മൃദംഗം ഇടം കണ്ടെത്തി. ആദികാലം മുതലേ മനുഷ്യന്റെ ഉള്ളിലുള്ള താളബോധത്തെ ആത്മനിയന്ത്രണത്തിലൂടെ, കർശനപരിശീലനങ്ങളിലൂടെ ഉദ്ഗ്രഥിക്കാമെന്നദ്ദേഹം കാട്ടിത്തന്നു.

സംഗീതലോകത്തെ അതികായർ നന്ദകുമാറിന്റെ കാലനൈപുണിയെ ഒട്ടേറെ പ്രശംസിച്ചിട്ടുണ്ട്. ടി.കെ.ഗോവിന്ദറാവു, സുർമണി ഡോ.എസ്.ശ്രീനിവാസൻ, ഡോ.സുലോചന രാജൻ, ടി.വി.ഗോപാലകൃഷ്ണൻ.... അങ്ങനെ പലരും. പ്രശസ്ത കാർട്ടൂണിസ്റ്റ് ആർ.കെ.ലക്ഷ്മൺ, ടൈസ് ഓഫ് ഇന്ത്യയുടെ ഡയറക്ടർ പി.ആർ.കൃഷ്ണമൂർത്തി തുടങ്ങിയവർ നന്ദകുമാറിന്റെ മൃദംഗതാളത്തിൽ മനംമയങ്ങിയവരാണ്. മുംബൈയിലും പ്രാന്തപ്രദേശങ്ങളിലും ഇദ്ദേഹത്തിനായി സ്വീകരണങ്ങൾ ഒരുക്കി.

തന്റെ അറിവ് മറ്റുള്ളവർക്കു പകർന്നുനല്കുന്നതിൽ അതീവ ശ്രദ്ധാലുവാണിദ്ദേഹം. കൊച്ചുകുട്ടികൾക്കിടയിലെ കഴിവുള്ള മുത്തുകൾ കണ്ടെത്തി തേച്ചുമിനുക്കിയെടുക്കാൻ സ്വന്തമായൊരു സംഘടനയ്ക്കു രൂപംനൽകി ഇദ്ദേഹം 'വാദ്യലയവൃന്ദ'. രണ്ടുമൂന്നുവർഷംകൊണ്ടുതന്നെ സംഗീത പ്രേമികളുടെയിടയിൽ തനതായൊരു സ്ഥാനമുറപ്പിക്കാൻ 'വാദ്യലയവൃന്ദ'ത്തിനു സാധിച്ചിട്ടുണ്ട്. വാദ്യലയവൃന്ദത്തിലെ കുട്ടികൾക്ക് പ്രസിദ്ധരായ പല സംഗീതജ്ഞരോടുമൊപ്പം കച്ചേരികളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ന്യൂഡൽഹിയിലെ സിരിഫോർട്ട് ഓഡിറ്റോറിയത്തിൽ ഡോ. ബി.വി. റാവുവിന്റെ സ്മരണാർഥം '96 സെപ്റ്റംബറിൽ സംഘടിപ്പിച്ച കച്ചേരിയിൽ നന്ദകുമാറിനു തുണയേകിയത് വിദ്യാബാലൻ, വിജയ് നടേശൻ, ശങ്കർ ലക്ഷ്മൺ, വിവേക് രാജഗോപാൽ തുടങ്ങിയ ശിഷ്യഗണങ്ങളായിരുന്നു. ചടങ്ങിൽ മുഖ്യാതിഥിയായിരുന്നത് അന്നത്തെപ്രധാന മന്ത്രി ദേവഗൗഡയും. ആത്മാർത്ഥതയും അർപ്പണമനോഭാവവും നന്ദകുമാറിനെ മറ്റ് അധ്യാപകരിൽനിന്നു വ്യത്യസ്തനാക്കുന്നു.

ശിഷ്യരുടെ കച്ചേരികൾ 'ജുവൽസ് ഓഫ് റിഥം' എന്ന പേരിൽ റെക്കോഡ് ചെയ്തിരിക്കുന്നു. ഇതിന്റെ മൂന്നു വോളിയം ഇതുവരെ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഇതിനുപുറമേ പത്തൊൻപതോളം കാസറ്റുകൾ നന്ദകുമാറിന്റേതായി റിലീസുചെയ്തിട്ടുണ്ട്. വീനസ്, എ.വി.എം തുടങ്ങിയ വമ്പൻ ബാനറുകളും ഇക്കൂട്ടത്തിലുൾപ്പെടുന്നു. റെയർ ഇൻസ്പിരേഷൻസ് എന്ന പേരിൽ സിഡിയിലും നന്ദകുമാറിന്റെ മൃദംഗവാദ്യം ഇന്നു ലഭ്യമാണ്.

തന്റെ ശിഷ്യർക്ക് പ്രധാനമായും മൃദംഗത്തിലാണു പരിശീലനം നൽകുന്നതെങ്കിലും തവിൽ, ഘടം, ഗഞ്ചിറ തുടങ്ങിയവയിലും നന്ദകുമാർ ശിക്ഷണം നൽകുന്നു. ഇതിനാൽ കച്ചേരികൾ നടത്തുമ്പോൾ 'വാദ്യലയവൃന്ദ'ത്തിന് മറ്റാരേയും ആശ്രയിക്കേണ്ടിവരാറില്ല.

ഓഗസ്റ്റ് അവസാനത്തോടെ അമേരിക്കയിലേക്കു തിരിക്കുകയാണു നന്ദകുമാർ. പ്രസിദ്ധസംഗീതജ്ഞനായ ടി.കെ. ഗോവിന്ദറാവുവും അദ്ദേഹത്തോടൊപ്പമുണ്ടാകും. അമേരിക്കയിലെ യൂണിവേഴ്സിറ്റിയിൽ അദ്ദേഹം മൃദംഗക്ലാസെടുക്കും. കച്ചേരികളും അവതരിപ്പിക്കും.

അമ്പലപ്പുഴ സ്വദേശിയായ നന്ദകുമാർ 32 വർഷമായി മുംബൈയിൽ താമസമാക്കിയിട്ട്. ദേവസ്വം ബോർഡ് മാനേജരായിരുന്ന സി.എൻ. ബാലകൃഷ്ണപണിക്കരുടെയും സരസ്വതിയമ്മയുടേയും പുത്രൻ. മാതാപിതാക്കളുടെ സ്നേഹവും പ്രോത്സാഹനവുമാണു തന്നെ ഈ നിലയിലാക്കിയതെന്നു നന്ദകുമാർ പറയുന്നു. രണ്ടു സഹോദരന്മാരും ഒരു സഹോദരിയുമുണ്ട്. സഹോദരിയും സംഗീതത്തിന്റെ മാർഗത്തിൽതന്നെ. ആലപ്പുഴ സ്കൂളിൽ സംഗീതാധ്യാപികയാണവർ.

മൂലവട്ടം സ്വദേശിനി ഷൈലജയാണു ഭാര്യ. എട്ടാംക്ലാസ് വിദ്യാർഥിനി ലക്ഷ്മിയും ആറാംക്ലാസ് വിദ്യാർഥി അഖിൽശേഖരയും കുട്ടികൾ. ശിഷ്യരുടെ പരിശീലനത്തിനിടയിൽ തന്റെ സ്വന്തം കുട്ടികൾക്കു വേണ്ടത്രശിക്ഷണം നൽകാനാവാത്തതിൽ നന്ദകുമാറിനു നേരിയ നിരാശ. എങ്കിലും ശിഷ്യരുടെ നേട്ടത്തിൽ മനംനിറയുന്ന ഗുരുവിന് സംതൃപ്തിമാത്രം.

'സ്വർമണി', 'ഗുരുശിഖാമണി' തുടങ്ങി കേരള സംഗീതനാടക അക്കാദമിയുടേതുൾപ്പെടെ നിരവധി അവാർഡുകളും സമ്മാനങ്ങളും നന്ദകുമാറിനെ തേടിയെത്തിയിട്ടുണ്ട്.

ഭാവി തലമുറയിലേക്കു തന്റെ അറിവുകൾ പകരുന്ന 'മൃദംഗതത്ത്വം' എന്ന ഗ്രന്ഥത്തിന്റെ രചനയാണ് ഇനിയുള്ള അദ്ദേഹത്തിന്റെ ലക്ഷ്യം. ഇതിനായി പ്രാരംഭജോലികൾ ആരംഭിച്ചുകഴിഞ്ഞു.

ഗുരു നന്ദകുമാറിന്റെ വിരലുകൾ മൃദംഗത്തിലേക്കു മടങ്ങുന്നു. ആദിതാളത്തിൽ തുടങ്ങി ശ്രോതാക്കളുടെ ഹൃദയത്തിൽ തേന്മഴയാകാൻ ആ വിരലുകൾ ചലിക്കുന്നു...വീണ്ടും...വീണ്ടും.

മൃദംഗവിദ്വാൻ ടി.എൻ.നന്ദകുമാറിനെ കാർട്ടൂണിസ്റ്റ് ആർ.കെ.ലക്ഷ്മൺ പൊന്നാടയണിച്ച് ആദരിക്കുന്നു.